സാഹിത്യവാരഫലം

1971/08/15 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1971/08/15-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

വിശുദ്ധിയുടെ കർപ്പൂരം പദങ്ങളുടെ സുവർണ്ണഗോപുരം

എം. എസ്. സുബ്ബുലക്ഷ്മി

വേശ്യകൾ നിങ്ങളുടെ കാതിൽ മധുരപദങ്ങൾ മന്ത്രിക്കുന്നു. നിങ്ങളെ തഴുകുന്നു, കടാക്ഷിക്കുന്നു, അനിർവചനീയമായ ഒരാഹ്ലാദം നിങ്ങൾക്കുണ്ടായെന്നു വരാം. പക്ഷേ, നിങ്ങളുടെ ആത്മാവ് സമ്പന്നമാകുന്നുണ്ടോ? നിശ്ചയമായും ഇല്ല. എന്നാൽ നിങ്ങളുടെ പ്രേമഭാജനത്തെക്കുറിച്ച് വിചാരിച്ചുനോക്കു. അവൾ നിങ്ങളെ സ്പർശിക്കുന്നില്ല, തേൻപൊഴിയുന്ന വാക്കുകൾ ഉച്ചരിക്കുന്നില്ല, കടക്കണ്ണുകൊണ്ടു നോക്കുന്നില്ല, മൗനമവലംബിച്ച് അവൾ അങ്ങു മാറിനില്ക്കുന്നതേയുള്ളു. എങ്കിലും അവളുടെ ദർശനംകൊണ്ടു തന്നെ നിങ്ങളുടെ ആത്മാവ് സമ്പന്നമാകുന്നു. നമ്മുടെ പല ചെറുകഥകളും വേശ്യകളെപ്പോലെയാണ്. ലൈംഗികത്വം കലർന്ന പദങ്ങൾ നമ്മുടെ കാതിൽ വന്നു വീഴുന്നു, അശ്ലീലതയാർന്ന വർണ്ണനകൾ നമ്മെ തഴുകുന്നു. കാമോത്സുകത ഓളം വെട്ടുന്ന പ്രയോഗങ്ങൾ നമ്മെ കടാക്ഷിക്കുന്നു. നമ്മളിൽ കുറച്ചുപേർക്കെങ്കിലും ആഹ്ലാദമുണ്ട്. ആത്മാവിന് ഉയർച്ച ഉണ്ടായില്ലെങ്കിൽത്തന്നെയെന്ത്? ഒരു ത്രുടനം അനുഭവപ്പെടുന്നുണ്ടല്ലോ. 11-ാം ലക്കം “മലയാളനാട്” വാരിക നോക്കുക. ശ്രീ. മാതയിൽ അരവിന്ദ് എഴുതിയ “കുടിയാട്ടം” എന്ന ചെറുകഥ ഗണികയെപ്പോലെ പ്രത്യക്ഷയാകുന്നതെങ്ങനെയെന്ന് നമുക്കു മനസ്സിലാക്കും. കൊച്ചുണ്ണിയുടെ സഹോദരിയാണ് ദമയന്തി. അവൾ പിഴച്ചുപോകരുതെന്നു കരുതി അയാൾ എപ്പോഴും അവളെ ശ്രദ്ധിക്കാറുണ്ട്. എന്നിട്ടും ഒരു വിടൻ അവളുടെ അടുത്തെത്തി. മീൻ കഴുകിക്കൊണ്ടിരുന്ന അവളെ അയാൾ—മാധവൻ—തലോടി. “എന്റെ കയ്യിലൊക്കെ ചിതമ്പലാ. മേത്ത് മീൻ നാറ്റംണ്ട് നിങ്ങൾ തൊടണ്ട” എന്ന് ദമയന്തി മുന്നറിയിപ്പു നല്കിയിട്ടും മാധവൻ തലോടൽ നിറുത്തിയില്ല. മാത്രമല്ല, അയാൾ അവളെ ചുംബിക്കുകയും ചെയ്തു. ഇനി കഥാകാരന്റെ വാക്കുകളിൽത്തന്നെ കേട്ടുകൊള്ളുക. “ഒരു വല്ലാത്ത കിതപ്പോടെ അവൾ പറഞ്ഞു: “അയ്യോ ഇതെന്താണ്. എന്നെ വിട്ടു. തൊടാൻ പാടില്ലാണ്ടിരിക്കണ സമയാ” അയാൾ വിട്ടില്ല” (പുറം 71). കഥ ഇത്രതന്നെ. ഇതാണോ കല? ഇതാണോ സാഹിത്യം? ഇതു ചെറുകഥയാണെങ്കിൽ മറപ്പുരകളിൽ കരിക്കട്ടകൊണ്ട് എഴുതിയിരിക്കുന്ന വാക്യങ്ങളും ചിത്രങ്ങളും ഉത്കൃഷ്ടമായ കലതന്നെ, അശ്ലീലതയുടെ പേരിലല്ല എന്റെ നിന്ദനം. ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കുന്ന എനിക്ക് ഇതൊക്കെ ഒരശ്ലീലതയായി തോന്നുന്നുമില്ല. പക്ഷേ, ചെറുകഥയെന്നാൽ എന്തെന്ന് നമുക്കു ചില സങ്കല്പങ്ങളെല്ലാം ഇല്ലേ? ആ സങ്കല്പങ്ങളിൽ ഒന്നിനെയെങ്കിലും തൃപ്തിപ്പെടുത്താൻ ഈ കഥാഭാസത്തിന് കഴിയുന്നുണ്ടോ? മീൻനാറ്റമുള്ള ഒരു പെണ്ണിനെ ഒരു വിടാഗ്രേസരൻ വേഴ്ചയ്ക്കുവേണ്ടി കെട്ടിപ്പിടിച്ചതു വർണ്ണിച്ചാൽ അതുടനെ കഥയാകുമെന്ന് ധരിച്ചുവെച്ചിരിക്കുന്നതിലാണ് നമുക്ക് എതിർപ്പുള്ളത്. ഇത്തരം കഥകൾ വേശ്യകളെപ്പോലെയാണെന്ന് ഞാൻ ആദ്യമെഴുതിയത് തെറ്റ്. വേശ്യയ്ക്ക് ഒരന്തസ്സുണ്ട്; അവൾക്കു സൗന്ദര്യമുണ്ട്, സൗരഭ്യമുണ്ട്. മാതയിൽ അരവിന്ദന്റെ കഥയ്ക്കു ദുസ്സഹമായ നാറ്റമേയുള്ളു. വെറും നാറ്റമല്ല. ഉലുമ്പുവാട, ഏതു സുഗന്ധദ്രവ്യമെടുത്തു മണപ്പിച്ചാലും ഈ ദുർഗ്ഗന്ധം മാറിപ്പോകുകയില്ല. അത്രയ്ക്കു തീക്ഷ്ണമാണിത്. താമരവള്ളി അതിന്റെ സൗന്ദര്യത്തെത്തന്നെ താമരപ്പൂവാക്കി പ്രത്യക്ഷപ്പെടുത്തുന്നു. വൃക്ഷം അതിന്റെ സാരാംശത്തെത്തന്നെ ഫലമാക്കി ആവിഷ്ക്കരിക്കുന്നു. ഉത്തമസ്ത്രീ തന്റെ വിശുദ്ധിയെ പുഞ്ചിരിയായി സ്ഫുടീകരിക്കുന്നു. എം. എസ്. സുബ്ബുലക്ഷ്മി തന്റെ ആന്തര സൗന്ദര്യത്തെ ഉത്കൃഷ്ടഗാനമാക്കി ആവിഷ്ക്കരിക്കുന്നു. മാതയിൽ അരവിന്ദ് സദയം ക്ഷമിക്കണം. അദ്ദേഹം തന്റെ ദുർഗ്ഗന്ധത്തെ “കുടിയാട്ടം” എന്ന ചെറുകഥയിലൂടെ പ്രസരിപ്പിക്കുന്നു.

തിരുവനന്തപുരത്ത് ‘മലയാളനാട്’ വാരിക കിട്ടുന്നത് ഞായറാഴ്ചയാണ്. പത്രാധിപർ അയച്ചുതരുന്ന “കോപ്പി” വൈകിയേ കിട്ടുകയുള്ളു. ഈ ലേഖനം തയ്യാറാക്കുന്നതിനുവേണ്ടി ഞാൻ വാരിക നേരത്തേ വാങ്ങാറുണ്ട്. ഈ ആഴ്ചയാണെങ്കിൽ “കുങ്കുമ”മില്ല. “കേരളശബ്ദ”മില്ല, “ജനയുഗ”മില്ല വളരെക്കാലമായി “മലയാളരാജ്യ”മില്ല. ഒന്നോ രണ്ടോ വാരികകളെ അവലംബിച്ച് ലേഖനമെഴുതണം. ഈ വിചാരത്തോടെ ഞാൻ റെയിൽവേ സ്റ്റേഷൻ റോഡിലൂടെ നടന്നപ്പോൾ ഒരു വശത്തായി കൂട്ടിലടച്ച തത്തയുമായി ഒരാളിരിക്കുന്നത് കാണുകയുണ്ടായി. ആ കിളി ഇരുമ്പുകമ്പികളിൽ ചിറകിട്ടടിച്ചു പിടയുന്നു. അതിന്റെ ‘പിടച്ചിൽ’ കണ്ടപ്പോൾ എനിക്കൊരു വല്ലായ്മയുണ്ടായി. ഉത്തരക്ഷണത്തിൽ ഞാനതു മറക്കുകയും ചെയ്തു. തീവണ്ടിയാപ്പീസിനടുത്തുള്ള ഒരു പീടികയിൽ നിന്ന് ‘മലയാളനാട്’ വാങ്ങിയിട്ട് ഞാൻ വീട്ടിൽ തിരിച്ചെത്തി. ആദ്യം വായിച്ചത് ശ്രീ. എം. എം. വർഗ്ഗീസിന്റെ “വിവാഹം സ്വർഗ്ഗത്തിലും ഭൂമിയിലും” എന്ന ചെറുകഥയാണ്, വായിച്ചുതീർന്നയുടനെ ആദ്യം ഓർമ്മിച്ചതും ആ പാവപ്പെട്ട കിളിയെത്തന്നെയാണ്. ഭാര്യ മരിച്ച പൗലോസ് ഭർത്താവു മരിച്ച അന്നാമ്മയെ വിവാഹം കഴിച്ചു. പൗലോസിനു ആദ്യത്തെ ഭാര്യയിൽ കുട്ടികൾ ജനിച്ചിട്ടുണ്ട്. എല്ലാം ശുഭമായിബ്ഭവിക്കുമെന്ന വിശ്വാസത്തോടെ പൗലോസും അന്നാമ്മയും ദാമ്പത്യജീവിതം ആരംഭിച്ചു. പക്ഷേ, ആ വിശ്വാസം തെറ്റിപ്പോയി. തനിക്ക് സന്താനമുണ്ടാകുകയില്ലെന്ന് മനസ്സിലാക്കിയ അന്നാമ്മ വിവാഹമോചനത്തിന് വേണ്ടി ഭർത്താവിനോട് അപേക്ഷിക്കുന്നു, അയാൾക്കും ആ ബന്ധത്തിൽ നിന്നൊഴിഞ്ഞാൽ കൊള്ളാമെന്നുണ്ട്. എന്നാലും സാദ്ധ്യമല്ല. വിവാഹമോചനത്തിന് മതനിയമങ്ങൾ തടസ്സമായി നില്ക്കുന്നു. ഒരു സമൂഹപരിഷ്കർത്താവെന്ന നിലയിൽ ആ നിയമങ്ങളെ ചോദ്യം ചെയ്തുകൊണ്ട് കഥാകാരൻ കഥ അവസാനിപ്പിക്കുന്നു. ഇത്തരം കഥകൾ വിജയം പ്രാപിക്കണമെങ്കിൽ മതത്തിന്റെ നിയമങ്ങൾ കൊണ്ട് വ്യക്തികൾക്കു സഹിക്കാനാവാത്ത കഷ്ടപ്പാടുകളുണ്ടായിയെന്ന് വിശദമാക്കണമല്ലോ. ഈ കഥയിൽ അങ്ങനെയൊന്നുമില്ല. “പൗലോസെന്ന അപ്പർ ഡിവിഷൻ ക്ലാർക്ക്” എന്നീ വാക്കുകൾ വിരസമായി ആവർത്തിക്കുന്നതിൽ കഥാകാരൻ തൽപരനായിരിക്കുന്നു എന്നല്ലാതെ വേറൊന്നും ഇവിടെ പറയേണ്ടതായിട്ടില്ല. ആഖ്യാനമാണെങ്കിൽ വിരസം. സ്വഭാവചിത്രീകരണമാണെങ്കിൽ പൂജ്യം. കുറെ വാക്യങ്ങൾ. അതല്ലാതെ ഇതിലൊന്നുമില്ല. കലയെ കൂട്ടിനകത്തടച്ച് കഷ്ടപ്പെടുത്തുന്ന ഒരാളാണ് അദ്ദേഹമെന്ന് എനിക്കു തോന്നിപ്പോയി, നിത്യജീവിതസംഭവങ്ങളെ കലാനിരൂപണവുമായി കൂട്ടിയിണക്കുന്ന ഒരു ദോഷം എനിക്കുണ്ട്. അതുകൊണ്ട് തോന്നിയതാണ്. അതു പോകട്ടെ. ഈശ്വര, അങ്ങ് എന്താണ് ആ പക്ഷിയെ മോചിപ്പിക്കാത്തത്? “പക്ഷിശാസ്ത്രകാരന്റെ” വയറ്റുപിഴപ്പിന് അത് വേണമെന്ന് കരുതിയതു കൊണ്ടാണോ? ആരറിഞ്ഞു അങ്ങയുടെ ഉദ്ദേശ്യങ്ങൾ! രാഷ്ട്രവ്യവഹാരത്തിന്റെ മണ്ഡലത്തിലേക്കിറങ്ങിച്ചെന്ന് ദുഃഖിക്കുന്ന ഒരു വനിതയെ കണ്ടുപിടിച്ച് അവളെ അവതരിപ്പിക്കുക എന്നതാണ് ശ്രീ. കല്ലട വാസുദേവൻ അനുഷ്ഠിക്കുന്ന കൃത്യം. (സംഗമം എന്ന ചെറുകഥ) ഈ കഥയ്ക്കു ഏകാഗ്രത കുറവാണെങ്കിലും ആ വനിതയുടെ ദുഃഖം അനുവാചകന്റെ ദുഃഖമാക്കിത്തീർക്കുന്നതിൽ കഥാകാരൻ ഒട്ടൊക്കെ വിജയം പ്രാപിച്ചിട്ടുണ്ട്.

ഒരന്ധൻ രാത്രിസമയത്ത് ഒരു കൂട്ടുകാരനോടു വിളക്കു ചോദിച്ചു. കൂട്ടുകാരൻ പറഞ്ഞു: “സ്നേഹിത, നിങ്ങൾക്കു കണ്ണുകാണാൻ വയ്യല്ലോ, പിന്നെന്തിനാ വിളക്ക്?” അന്ധൻ മറുപടി നല്കി:

“ഇരുട്ടത്തു വിളക്കും കൊണ്ടുപോയാൽ മറ്റുള്ളവർക്ക് എന്നെ കാണാൻ കഴിയുമല്ലോ. അവർ എന്നെ വന്ന് ഇടിക്കാതിരിക്കും. അതിനാ വിളക്കു ചോദിച്ചത്”

കൂട്ടുകാരൻ കൊടുത്ത വിളക്കും കൊണ്ടു കുരുടൻ യാത്രയായി. കുറച്ചുദൂരം പോയതേയുള്ളു. അതിനുമുൻപ് ഒരു യാത്രക്കാരൻ കുരുടന്റെ ദേഹത്തു വന്നിടിച്ചു. വേദനയോടെ കുരുടൻ ചോദിച്ചു: “വിളക്കു കണ്ടുകൂടേ?” യാത്രക്കാരൻ ദേഷ്യത്തോടെ അയാളോടൊരു ചോദ്യം?” “നിങ്ങൾ വിളക്കു കത്തിച്ചുകൊണ്ടു പോകാത്തതെന്ത്?” ശ്രീ കെ. വി. ചന്ദ്രശേഖരൻ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ “പരാജയം” എന്ന ചെറുകഥ കത്തിക്കാത്ത ഒരു വിളക്കാണ്. അതിൽ മണ്ണെണ്ണയുണ്ട്. തിരിയുണ്ട്. തെളിഞ്ഞ ചിമ്മ്നിയുണ്ട്. പക്ഷേ, ദീപംമാത്രമില്ല. പരീക്ഷയിൽ കോപ്പിയടിച്ചതിനു രാഘവൻപിള്ള മകന്റെ കരണത്തടിച്ചു. അടി കൊടുത്തതിനു ശേഷമാണു അയാൾ പൂർവകാലത്തെക്കുറിച്ചോർമ്മിക്കുന്നത്. താനും പരീക്ഷയിൽ കോപ്പിയടിച്ചിട്ടുണ്ട്. ആ ഓർമ്മകൾ രാഘവൻ പിള്ളയെ പശ്ചാത്താപത്തിനു വിധേയനാക്കി. ഫലിതാത്മകമായി കഥ പറയാനാണ് ചന്ദ്രശേഖരന്റെ യത്നം കഥയുണ്ട്, കഥാപാത്രങ്ങളുണ്ട്; ഫലിതം മാത്രമില്ല: ഫലിതത്തിന്റെ ദീപവുമായി അദ്ദേഹം സഞ്ചരിക്കണമെന്നാണ് നമ്മുടെ ആഗ്രഹം. എന്തുചെയ്യാം! ജന്മനാ കാഴ്ചയില്ലെങ്കിലോ? ‘ചന്ദ്രിക’ ആഴ്ചപ്പതിപ്പിൽ ശ്രീ. യു. കെ. കുമാരൻ എഴുതിയ “പുരാവൃത്തം” എന്ന കഥ ആരംഭിക്കുന്നത് ഇങ്ങനെയാണ്:

> “സൂര്യന്റെ വീതിയേറിയ ചിറകുകൾ കാടിനുമീതെ തീക്ഷ്ണതകുറഞ്ഞ ഞരമ്പുകളിൽ പറ്റിക്കിടന്നു. ചുവപ്പുരേഖ അവ്യക്തമായി പടർന്നുപിടിച്ച പൂർവഭാഗത്തിനു താഴെ ഇരുട്ടിൽ, കീറൽവീണ വെളിച്ചം പരുങ്ങി നിന്നു.”

ഇത്രയും വായിച്ചപ്പോൾത്തന്നെ സംശയമുണ്ടായി ഏതോ ഒരത്യന്താധുനിക കഥയായിരിക്കുമെന്ന്. തുടർന്നു വായിച്ചപ്പോൾ സംശയം നിശ്ചയമായി. ഒരു മരംവെട്ടുകാരൻ, സൂര്യൻ, സൂര്യപുത്രൻ, ഒരു കൃഷ്ണൻകുട്ടി. ഇവരെക്കുറിച്ചെല്ലാം കഥാകാരൻ എന്തൊക്കെയോ പറയുന്നു. ഒന്നും മനസ്സിലാകുന്നില്ല. കടുത്ത ദുഃഖമുണ്ടായാൽ, തീവ്രമായ ആലോചനയുണ്ടായാൽ തലമുടിയാകെ ഒറ്റരാത്രികൊണ്ടു നരച്ചുപോകുമെന്നു പറയാറുണ്ട്, ഏതോ ഒരു രാഷ്ട്രതന്ത്രജ്ഞൻ ഒരു രാത്രി മുഴുവൻ എന്തോ ആലോചിച്ചുകൊണ്ടിരുന്നുവെന്നും നേരം വെളുത്തപ്പോൾ അയാളുടെ തലമുടി നരച്ചുപോയിരുന്നുവെന്നും ഞാനെവിടെയോ വായിച്ചിട്ടുണ്ട്. വിക്തർ യൂഗോയുടെ “പാവങ്ങളെ”ന്ന നോവലിലെ പ്രധാന കഥാപാത്രമായ ഷാങ് വാൽ ഷാങ് ഏഴു നഗരത്തിലെ മേയറായിരിക്കുമ്പോഴാണ് വേറൊരാളിനെ ഷാങ് വാൽ ഷാങായി തെറ്റിദ്ധരിച്ചു പോലീസ് അറസ്റ്റ് ചെയ്തത്. അക്കാര്യം ഇൻസ്പെക്ടർ ഷവേറിൽ നിന്നറിഞ്ഞ മേയർ അസ്വസ്ഥനായി ഒരു രാത്രി മുഴുവൻ തന്റെ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. നേരം വെളുത്തപ്പോൾ അയാളുടെ തലമുടിയാകെ നരച്ചുപോയിരുന്നുവെന്നു യൂഗോ പറയുന്നു. പക്ഷേ, ഒറ്റരാത്രികൊണ്ടുള്ള ഈ “തലമുടിനരയ്ക്കൽ” വെറും “ഫലസി”യാണ്. (പ്രചാരമാർന്ന തെറ്റിദ്ധാരണ) ചന്ദ്രിക ആഴ്ചപ്പതിപ്പിൽ ശ്രീ. പി. എ. ഷാഹുൽ ഹമീദെഴുതിയ “കിരീടം” എന്ന കഥയിൽ അച്ഛന്റെ ദ്വിഭാര്യാത്വം കണ്ടു ദുഃഖിച്ച ഒരു മകന്റെ തലമുടി നരച്ചുപോയിയെന്ന് പ്രസ്താവിച്ചിരിക്കുന്നു. മിഥ്യാസങ്കല്പങ്ങൾക്കു സാഹിത്യത്തിൽ പ്രവേശനമുണ്ട്. അവ സംഭവിക്കുന്നതാണെന്നു തോന്നുന്ന മട്ടിൽ സാഹിത്യകാരൻ വർണ്ണിക്കണം. അത്രേയുള്ളു. ഈ കഥയിലാകട്ടെ അച്ഛന്റെ കൊള്ളരുതായ്മ, അമ്മയുടെ ദുഃഖം, സഹോദരിയുടെ ശോകം ഇവയെല്ലാം സൂചിപ്പിക്കുന്നു. ഏതോ “ഗംഭീര”മായതു സംഭവിക്കുമെന്നു പ്രതീക്ഷിച്ചു വായനക്കാരൻ കഥ വായിച്ചു പോകുമ്പോൾ നരയുടെ പ്രസ്താവത്തോടെ കഥാകാരൻ കഥയങ്ങ് അവസാനിപ്പിക്കുന്നു. “എലിയെപ്പോലെയിരിക്കുന്നവനൊരു പുലിയെപ്പോലെ വരുന്നതു കാണാം” എന്നു നമ്പ്യാർ പറഞ്ഞിട്ടില്ലേ. ഇവിടെ പുലിയെപ്പോലെയിരിക്കുന്നവൻ എലിയെപ്പോലെ വരികയാണ്. മകന്റെ തലമുടി നരച്ചു എന്നു പറയുന്നതിനു പകരം അവൻ കാലത്തു പായിൽ നിന്നെഴുന്നേറ്റു പല്ലുതേക്കാൻ പോയി എന്നു പറഞ്ഞാലും പോരായ്കയില്ല.


വിക്തർ യൂഗോ

ഞാൻ താരാശങ്കറുടെ ഒരു ചെറുകഥയെക്കുറിച്ച് ഇപ്പോൾ ഓർമ്മിക്കുകയാണ്. നാൽപതു വയസ്സായ ശംഭു ഇരുപത്തിരണ്ടുവയസ്സുള്ള രാധികയുമായി മാജിക്–സർക്കസ് നടത്തി പണം സമ്പാദിക്കുന്നു. അവർക്കു വയസ്സായ ഒരു പുലിയുണ്ട്. രാധിക അതിന്റെ പുറത്തുകയറി കൂടാരത്തിനകത്തു സഞ്ചരിക്കും. അതു രണ്ടു കൈയും അവളുടെ തോളിലൂന്നി നില്ക്കും; അവളെ ചുംബിക്കും. ചിലപ്പോൾ രാധിക തല പുലിയുടെ വായ്ക്കകത്തു വയ്ക്കാൻ ഭാവിക്കും, ഇതൊക്കെക്കണ്ട ഗ്രാമവാസികൾ അദ്ഭുതപ്പെട്ടു അങ്ങനെയിരിക്കുമ്പോൾ ഒരു യുവാവ്—കിസ്റ്റോ—അവരുടെ സർക്കസ് കൂടാരത്തിനടുത്ത് കൂടാരമടിച്ചു. അവൻ സുന്ദരൻ, ആറടിപ്പൊക്കം. ആരോഗ്യം തുളുമ്പുന്ന ശരീരം, നീണ്ട മൂക്ക്. കനം കുറഞ്ഞ ചുണ്ടുകൾക്കുമേലേ കനം കുറഞ്ഞ മീശ. ബ്രഷ് കൊണ്ടു വരച്ചുവച്ചതുപോലെയുണ്ട് ആ മീശ, അയാളുടെ ചൈതന്യത്തിനും യുവത്വത്തിനും ചേർന്ന ഒരു കടുവയുമുണ്ട്. കിസ്റ്റോ കൂടാരമടിച്ച വിദ്യകൾ കാണിക്കാൻ തുടങ്ങി. ശംഭുവിന്റെയും രാധികയുടെയും കൂടാരത്തിൽ ആരും കയറാതെയുമായി. “ഈ റാസ്കലിനെ ഞാൻ നാളെ അറസ്റ്റു ചെയ്യിക്കും” എന്നായി ശംഭു. നേരം വെളുത്തപ്പോൾ പോലീസുകാർ കിസ്റ്റോയുടെ കൂടാരം വളഞ്ഞു. വ്യാജച്ചാരായം അതിനകത്തുണ്ടോ എന്നു പരിശോധിക്കാനാണ് അവർ വന്നത്. അതറിഞ്ഞ രാധിക അവരോടു പറഞ്ഞു: “യജമാൻ എന്റെ കുഞ്ഞു അകത്തുണ്ട്.” കുട്ടിയെ എടുത്തുകൊള്ളാൻ പോലീസുകാർ അനുവദിച്ചു. കിസ്റ്റോ ചാരായം കുഴിച്ചിട്ടിരിക്കുന്ന സ്ഥലം രാധികയ്ക്കറിയാം. അവൾ മൂന്നുകുപ്പിച്ചാരായം തോണ്ടിയെടുത്തു തുണിയിൽ പൊതിഞ്ഞു. കുഞ്ഞിനെ മാറോട്ട് അമർത്തിപ്പിടിക്കുന്നതുപോലെ അതു നെഞ്ചോടു ചേർത്തുവച്ചു. പോലീസുകരുടെ മുൻപിൽക്കൂടെ നടന്നു പോകുകയും ചെയ്തു. ശംഭു ഇതറിഞ്ഞപ്പോൾ ദേഷ്യത്തോടെ പറഞ്ഞു! “നീ എല്ലാം നശിപ്പിച്ചു ഞാനല്ലേ അവനെ അറസ്റ്റു ചെയ്യിക്കാൻ പോലീസുകാരെ വരുത്തിയത്”.

അന്നു വൈകുന്നേരവും സർക്കസ്സു നടന്നു. പക്ഷേ, ശംഭുവിന്റെ കൂടാരത്തിൽ ആരും കയറിയില്ല. കിസ്റ്റോയുടെ കടുവ അവനോടു യുദ്ധം ചെയ്തു. ചിറകുവച്ച കുതിരപോലെ അതു കൂടാരത്തിലെങ്ങും പറന്നു. അതു കാണാൻ ആളുകൾകൂടി, നൈരാശ്യത്തിൽവീണ രാധിക പറഞ്ഞു. “മണ്ണെണ്ണ എവിടെ” ഞാനിന്നു അവന്റെ കുടാരം തീവയ്ക്കും”. രാത്രിയായി എല്ലാം നിശ്ശബ്ദം. മണ്ണെണ്ണയും തീപ്പെട്ടിയും എടുത്ത് രാധിക കിസ്റ്റോയുടെ കൂടാരത്തിൽ കടന്നു. അവൾ മെല്ലെ തീപ്പെട്ടിയുരച്ചു. അതാ, കിസ്റ്റോ കിടന്നുറങ്ങുന്നു. എന്തൊരു സുന്ദരമായ മുഖം! എന്തൊരു വിരിഞ്ഞമാറ്! എത്ര ശക്തങ്ങളായ മാംസപേശികൾ. രാധികയുടെ തീപ്പെട്ടിത്തിരി കെട്ടു അവൾ പൊടുന്നനവേ അവന്റെ മാറിലേയ്ക്കുവീണു. കിസ്റ്റോ ഉണർന്നു: പക്ഷേ, ഞെട്ടിയില്ല. അവൻ മൃദുലമായ ആ ശരീരത്തെ ദൃഢമായി തഴുകികൊണ്ടു ചോദിച്ചു: “ആരു, രാധ!–?” രാധിക കൈകൊണ്ട് അവന്റെ വാ പൊത്തി, “അതേ. മിണ്ടാതിരിക്കൂ.” അവൾ പിന്നെയും പറഞ്ഞു: “വരൂ. നമുക്കു ഓടിപ്പോകാം”. കിസ്റ്റോ ചോദിച്ചു: “എവിടെ?” രാധിക മറുപടി നല്കി: “അങ്ങു ദൂരെ,” ശംഭുവിന്റെ കുടാരത്തിന് തീകൊളുത്തിയിട്ട് അവർ പോകുമ്പോൾ കഥയവസാനിക്കുന്നു. ജീവിതത്തെക്കുറിച്ച് എനിക്കുള്ള അറിവിനെ കൂടുതൽ അഗാധമാക്കിത്തരുന്നതിനെയാണ് ഞാൻ ചെറുകഥയെന്ന് കരുതുന്നത്. താരാശങ്കറിന്റെ ഈ ചെറുകഥ എന്റെ ജീവിതാവബോധത്തെ കൂടുതൽ വിശാലമാക്കുന്നു, അഗാധമാക്കുന്നു. എന്നാൽ “മനോരാജ്യം” ആഴ്ചപ്പതിപ്പിൽ ശ്രീ. മാതയിൽ അരവിന്ദ് എഴുതിയ “ഞെക്കുവിളക്ക്” എന്ന ചെറുകഥ ആ വിധത്തിലുള്ള കൃത്യമനുഷ്ഠിക്കുന്നില്ല. മാത്രമല്ല ജീവിതത്തെ വെറുക്കാൻ കൂടി അത് കാരണമായിബ്ഭവിക്കുന്നു. അരവിന്ദന്റെ കഥയുടെ സ്വഭാവം മാത്രമല്ല ഇത്; നമ്മുടെ വാരികകളിൽ വരുന്ന പല ചെറുകഥകളും നമ്മെ പീഡിപ്പിക്കുന്നവയാണ്.

ഇതാ ഈ ജന്നലിൽക്കൂടെ നോക്കിയാൽ എന്റെ വീടിനെയും അടുത്ത വീടിനെയും വേർതിരിക്കുന്ന കരിങ്കൽ മതിൽ കാണാം. ഒരു വൈചിത്ര്യവുമില്ലാത്ത, പാരുഷ്യമാർന്ന മതിൽ. അതിനടുത്തായി ഒരു ചെമ്പരത്തിച്ചെടി ചരലിലും ചെളിയിലും ബന്ധനമാർന്നുകൊണ്ട് കൊച്ചുകൊമ്പുകളും പച്ചിലകളും വീശി സ്വാതന്ത്ര്യത്തോടെ നൃത്തമാടുന്നു. അത് നിറയെ ചുവന്ന പൂക്കൾ. ബന്ധനമുണ്ടെങ്കിലും സ്വാതന്ത്ര്യം. പ്രബന്ധങ്ങളും ഇതു പോലിരിക്കണം; ശുഷ്കങ്ങളായ സാഹിത്യതത്ത്വങ്ങളിൽ ബന്ധനമാർന്ന പ്രബന്ധങ്ങൾ രചനഭംഗി കലർന്ന്, വാങ്മയചിത്രങ്ങൾ ചേർന്ന് സ്വതന്ത്രമായി പരിലസിക്കണം, മലയാളനാട്ടിൽ ശ്രീ. കെ. രാമചന്ദ്രൻ നായർ എഴുതിയ “സൃഷ്ടിയും പകർത്തലും” എന്ന ലേഖനത്തിൽ ആ വർണ്ണോജ്ജ്വലതയില്ല, സ്വാതന്ത്ര്യമില്ല; കരിങ്കൽ മതിൽ പോലെ അത് വിരസമാണ്, പരുഷമാണ്.

“എക്സിസ്റ്റെൻഷ്യലിസം—സാഹിത്യത്തിലും മറ്റു രംഗങ്ങളിലും” എന്ന പേരിൽ ശ്രീ. കെ.ബി.കെ. ദേശാഭിമാനി വാരികയിലെഴുതുന്ന പണ്ഡിതോചിതമായ ലേഖനത്തിലേക്ക് ഞാൻ മാന്യവായനക്കാരുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. അസ്തിത്വത്തെക്കുറിച്ച് അറിയേണ്ടതെല്ലാം അദ്ദേഹം അറിഞ്ഞിട്ടുണ്ട്. പ്രയോജനപ്രദങ്ങളായി ഇത്തരം ലേഖനങ്ങൾ മറ്റു വാരികകളിലും ഉണ്ടായിരുന്നെങ്കിൽ!

കുമാരനാശാൻ

കുമാരനാശാന്റെ ജന്മംകൊണ്ടു ധന്യമായ കായിക്കര എന്റെ വായനക്കാർ കണ്ടിട്ടുണ്ടോ? അനുഗ്രഹീതകവി ശ്രീ. പി. കുഞ്ഞിരാമൻ നായരുടെ ഭാഷയിൽ പറഞ്ഞാൽ “കടലുകൾക്കും കടലായ ഏതോ അപാരതയെക്കുറിച്ച് മത്തുപിടിച്ച് സ്വയം മറന്നു പാടുന്ന നീലക്കടൽ; വിശുദ്ധിയുടെ കർപ്പൂരമെങ്ങും പരത്തുന്ന വെൺമണൽത്തിട്ട്; ഓർമ്മകൾ പുതുക്കിയ തെങ്ങിൻതോപ്പ്” ആ കായിക്കരെ കുറിച്ച്, അവിടെ ജനിച്ച കുമാരനാശാനെക്കുറിച്ച് കുഞ്ഞിരാമൻനായർ പാടുന്നു. വാക്കുകൾകൊണ്ട് ഒരു സുവർണ്ണഗോപുരം അദ്ദേഹം നിർമ്മിക്കുന്നു. അത് കാണണമെന്നുള്ളവർക്ക് മാതൃഭൂമി വാരിക നോക്കാം, ശ്രീ. നീലമ്പേരൂർ മധുസൂദനൻ നായരാകട്ടെ മനുഷ്യന്റെ മഹത്ത്വത്തെക്കുറിച്ച്. അവന്റെ നേട്ടങ്ങളെ കുറിച്ച് ഉജ്ജ്വലമായി ഗാനമൊഴുക്കുന്നു.

> “എന്റെ ചെപ്പിലെകുങ്കുമം പൂശി
> സന്ധ്യ കണ്ണാടിനോക്കുന്നനേരം
> ……………………
> എന്റെ നേട്ടങ്ങൾ കയ്യേറ്റുവാങ്ങാ-
> നെന്തിനി നിങ്ങൾക്കിത്ര വിളംബം?

വിളംബമില്ല. അതുകൊണ്ടാണല്ലോ അദ്ദേഹത്തിന്റെ കവിത നല്ലതാണെന്ന് ഞങ്ങൾ പറയുന്നത്.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-നു ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ച്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും ‘സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ’ എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, ‘അതുകൊണ്ടാണല്ലോ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്’ എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.



സാഹിത്യവാരഫലം

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ ‘സ്വപ്നമണ്ഡലം’ (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014